**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2547** | **09.12.2014 ൽ മറുപടിയ്ക്ക്** |

## പുനർജനി പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ :**<br>**ശ്രീ. പി.സി.വിഷ്ണുനാഥ് :**<br>**ശ്രീ. വി.റ്റി. ബൽറാം:**<br>**ശ്രീ. ഹൈബി ഈഡൻ:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കമോ ; | എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതി 2013-14 സാമ്പത്തിക വർഷം നടപ്പിലാക്കി കഴിഞ്ഞു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കമോ ; | (ബി) പുനർജനി പദ്ധതി ഒരു എഡ്യൂക്കേഷണൽ പ്രോഗ്രാമാണ്.സാമൂഹിക പ്രവർത്തനത്തിലൂടെ വ്യക്തിത്വ വികാസം സാദ്ധ്യമാക്കാനും വിദ്യാർത്ഥികളുടെ സാമൂഹിക ബോധം വളർത്തി അവരെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും രാജ്യത്തിന്റെ വികസനത്തിൽ വിദ്യാർത്ഥികളുടെ പങ്ക് ബോധ്യപ്പെടുത്തുന്നതിനും, പ്രതിബദ്ധതയുള്ള ഏത് തൊഴിലിലും മഹത്വം കണ്ടെത്തുന്ന ഉയർന്ന വ്യക്തിത്വമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനും പുനർജനിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, കേരളത്തിലെ ബഹുഭൂരിപക്ഷം സാധാരണക്കാർ ആശ്രയിക്കുന്ന ആശുപത്രികളിലെ സൗകര്യങ്ങളിൽ പരിതാപകരമായ അവസ്ഥ നിലനിൽക്കുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം തേടുന്നതിനും ലക്ഷ്യമിട്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും നാഷണൽ സർവ്വീസ് സ്കീമിന്റെ ടെക്നിക്കൽ സെല്ലും കൈകോർത്ത് കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവ ഉൾപ്പെടെ 40 സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതും പുനർജനി പദ്ധതിയുടെ ലക്ഷ്യമാണ്. |

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി കോ-ഓർഡിനേറ്റർ, അസി. കോ-ഓർഡിനേറ്റർ, കൺവീനർമാർ എന്നിവരടങ്ങുന്ന ഒരു പ്രോജക്ട് ടീമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

സർവ്വേ നടത്തി പദ്ധതി നടപ്പാക്കാനുള്ള ആശുപത്രികൾ തെരഞ്ഞെടുക്കുകയും അതാത് ആശുപത്രികളിലെ പ്രോജക്ട് നടത്തിപ്പിനായി പദ്ധതി നിർവ്വാഹക സമിതി രൂപപ്പെടുത്തുകയും ചെയ്തിരുന്നു. ചെയർമാൻ, ജനറൽ കൺവീനർ, 2 കൺവീനർമാർ എന്നിവരടങ്ങിയതായിരുന്നു പദ്ധതി നിർവ്വാഹക സമിതി.

തെരഞ്ഞെടുത്ത ആശുപത്രികളെക്കുറിച്ച് പഠിച്ച് അവിടെ ചെയ്യേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ, മറ്റ് ജോലികൾ, അതിനാവശ്യമായ റിസോഴ്സുകൾ (മനുഷ്യ വിഭവശേഷി, പണം, വസ്തുക്കൾ, സമയം) ഇവയെക്കുറിച്ച് മുൻധാരണയുണ്ടാക്കുക, റിസോഴ്സ് സംഘടിപ്പിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിശ്ചിത ആശുപത്രികളുടെയും അനുമതി, സഹകരണം ഇവ നേടിയെടുക്കുക. പദ്ധതി പ്രദേശത്തിനടുത്തുള്ള യുവജനസംഘടനകളെ പദ്ധതിയുടെ ആവശ്യകത ബോധ്യപ്പെടുത്തുക, പദ്ധതിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക, സാങ്കേതിക പരിജ്ഞാനമുള്ള 75 എൻ. എസ്. എസ്. വോളണ്ടിയർമാരേയും 25 സ്റ്റാഫിനെയും ഓരോ ഹോസ്പിറ്റലിനുമായി പ്രത്യേകം തെരഞ്ഞെടുക്കുക, പദ്ധതി പ്രദേശത്ത് അധികമായി വേണ്ടിവരുന്ന സാങ്കേതിക സേവന ക്യാമ്പ് നടത്തുക എന്നീ പ്രവർത്തനങ്ങളും നടത്തിയിരുന്നു.

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും, നാഷണൽ സർവ്വീസ് സ്കീമിന്റെ കേരള ടെക്നിക്കൽ സെല്ലുമാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ